# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.292 | 19.07.2016-ൽ മറുപടിയ്ക്ക് |
| --- | --- |

**കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എം.ഉമ്മർ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വാർഷിക പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതികളാണ് നിലവിലുള്ളത്. |
| (ബി) | ഈ പദ്ധതികൾ പ്രകാരം നാളിതുവരെ നടന്ന നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം നൽകാമോ; | (ബി) | കുളങ്ങളുടെ ആഴംകൂട്ടൽ, കുളങ്ങളുടെ ചെളിനീക്കം ചെയ്യൽ, ശുചീകരണം, കുളങ്ങളിലെ മാലിന്യം നീക്കൽ, കുളങ്ങളുടെ വശങ്ങൾ കെട്ടി കമ്പിവലയിട്ട് സംരക്ഷിക്കൽ, തകർന്ന കുളങ്ങളുടെ പുനരുദ്ധാരണം എന്നീ നവീകരണ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയിട്ടുള്ളത്.<br>വിവിധ ജില്ലകളിലായി മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി 351 പൊതുകുളങ്ങൾ മാലിന്യം നീക്കി വൃത്തിയാക്കിയിട്ടുണ്ട്. |
| (സി) | കുളങ്ങളും, തോടുകളും, തണ്ണീർത്തടങ്ങളും മാലിന്യനിക്ഷേപ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനെതിരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | കുളങ്ങൾ മാലിന്യം വീഴാതെ കമ്പിവേലി കെട്ടി സംരക്ഷിക്കുന്നു. മാലിന്യം നിക്ഷേപിക്കരുതെന്ന് സൂചന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വാർഡ് സ്റ്റാഫിനെ നിയോഗിച്ച് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. ഗ്രാമസഭകളിൽ പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച് ബോധവത്ക്കരണം നൽകുന്നുണ്ട്. കൂടാതെ ശുചിത്വ പദ്ധതികളുടെ ഭാഗമായി കുളങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ നഗരസഭാ പരിധിയിലുള്ള നദികൾ, കായലുകൾ, കുളങ്ങൾ പൊതു കിണറുകൾ അടക്കമുള്ള എല്ലാ ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനും അവയുടെ കൈയ്യേറ്റങ്ങൾ തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നദികളും, കുളങ്ങളും, തോടുകളും മറ്റ് ജലാശയങ്ങളും നശിപ്പിക്കുന്നതിനും കൈയ്യേറ്റങ്ങൾ നടത്തുന്നതിനും |

| | | | |
|---|---|---|---|
| | | | മലിനീകരണം നടത്തുന്നതിനും എതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നഗരസഭാ തലത്തിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.<br>ജലസ്രോതസുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനപ്പെടുത്തുന്നത് തടയുന്നതിന് 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 340(2) വകുപ്പ് പ്രകാരം നഗരസഭാ തലത്തിൽ നടപടിയെടുത്ത് വരുന്നു. |

സെക്ഷൻ ഓഫീസർ